بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 27.11.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഖുലഫാഉർ റാശിദീൻ :
## ഹദ്റത്ത് അലി(റ) (ഭാഗം-2)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝٢ الرَّحْمٰنِ الرَّحِيْمِ ۝٣ مٰلِكِ يَوْمِ الدِّيْنِ ۝٤ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝٥

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝٧

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു:

കഴിഞ്ഞ ഖുത്ബ മുതൽ ഹദ്റത്ത്അലി(റ)നെ സംബന്ധിച്ച അനുസ്മരണമാണ് നടക്കുന്നത്.

ഹദ്റത്ത് അലിയുമായുണ്ടാക്കിയ സാഹോദര്യബന്ധത്തെപ്പറ്റി നിവേദനങ്ങളിൽ തിരുനബി(സ) ഹദ്റത്ത് അലിയെ രണ്ടു തവണ തന്റെ സഹോദരനാക്കിയെന്ന് കാണാം. ഒരിക്കൽ റസൂലുല്ലാഹ്(സ) മക്കയിൽ മുഹാജിരീംകൾക്കിടയിൽ സാഹോദര്യബന്ധം ഉണ്ടാക്കി. പിന്നൊരിക്കൽ മദീനയിൽ ഹിജ്റത്തിനു ശേഷം മുഹാജിരീംകൾക്കും അൻസ്വാറുകൾക്കുമിടയിൽ സാഹോദര്യബന്ധം ഉണ്ടാക്കി. രണ്ടുപ്രാവശ്യവും ഹദ്റത്ത് അലിയോട് പറഞ്ഞു: താങ്കൾ ഇഹലോകത്തും പരലോകത്തും എന്റെ സഹോദരനാകുന്നു.

ഹദ്റത്ത് അലി ബദ്ർ യുദ്ധം സഹിതം എല്ലാ യുദ്ധങ്ങളിലും തിരുനബി(സ)നോടൊപ്പം പങ്കെടുത്തിരുന്നു. തബൂക്ക് യുദ്ധത്തിൽ ഇല്ലായിരുന്നു. തബൂക്ക് യുദ്ധവേളയിൽ തിരുനബി(സ) അദ്ദേഹത്തെ കുടുംബക്കാരുടെ മേൽനോട്ടത്തിനായി നിശ്ചയിക്കുകയാണുണ്ടായത്.

ഹദ്റത്ത് സഅലബ ബിൻ അബൂമാലിക് വിവരിക്കുന്നു: ഹദ്റത്ത് സഅദ് ബിൻ ഉബാദ: എല്ലാ സന്ദർഭത്തിലും തിരുനബി(സ)ന്റെ പതാകവാഹകനായിരുന്നു. എന്നാൽ യുദ്ധസമയത്ത് ഹദ്റത്ത് അലി ബിൻ അബൂത്വാലിബ് പതാക ഏറ്റെടുക്കുമായിരുന്നു.

ഉശൈറ യുദ്ധം ഹിജ്റ രണ്ടാം വർഷം ജമാദിയുൽ ഊലയിലാണ് ഉണ്ടായത്. ഹദ്റത്ത് അമ്മാർ ബിൻ യാസിർ നിവേദനം ചെയ്യുന്നു: ദാത്തുൽഉശൈറ യുദ്ധനീക്കത്തിൽ ഹദ്റത്ത് അലിയും ഞാനും സഹയാത്രികരായിരുന്നു. ആ ദിവസം തിരുനബി(സ) ഹദ്റത്ത് അലിയുടെ ദേഹത്ത് മണ്ണ് കണ്ടപ്പോൾ പറഞ്ഞു: അബൂതുർറാബ്! തുടർന്ന് പറഞ്ഞു: നിർഭാഗ്യവാന്മാരായ രണ്ട് ആളുകളെ പറ്റി ഞാൻ താങ്കൾക്ക് പറഞ്ഞു തരട്ടയോ? ഞങ്ങൾ പറഞ്ഞു: അതേ യാ റസൂലല്ലാഹ്! തിരുനബി(സ) പറഞ്ഞു: ആദ്യത്തെയാൾ ഹദ്റത്ത് സ്വാലിഹ്(അ)ന്റെ ഒട്ടകത്തിനെ കാൽ വെട്ടിയ സമൂദ്ഗോത്രക്കാരനായ ഔഹീമർ ആകുന്നു. രണ്ടാമത്തെയാൾ അല്ലയോ അലി! നിങ്ങളുടെ ശിരസ്സിൽ ആക്രമണം നടത്തുന്ന ആളാണ്. എത്രത്തോളമെന്നാൽ ഈ താടി രക്തത്താൽ കുതിരുന്നതാണ്.

ബദർ യുദ്ധം ഹിജ്റ രണ്ടാം വർഷം അതായത് ക്രിസ്തബ്ദം 623 ൽ ആണ് സംഭവിച്ചത്. ഈ യുദ്ധത്തിൽ ഇരുസൈന്യങ്ങളും മുഖാമുഖം വന്നപ്പോൾ ഏറ്റവും ആദ്യം റബീഅയുടെ രണ്ട് മക്കൾ ശയ്ബയും, ഉത്ബയും വലീദ് ബിൻ ഉത്ബയും മുന്നോട്ടുവന്ന് ഏറ്റുമുട്ടാൻ ക്ഷണിച്ചു. അപ്പോൾ ബനൂ ഹാരിസ് ഗോത്രത്തിലെ മൂന്ന് അൻസ്വാറുകൾ അതായത് അഫ്റാഅ്യുടെ മക്കളായ മആദ്, മഊദ്, ഔഫ് എന്നിവർ യുദ്ധത്തിന് തയ്യാറായി. എന്നാൽ തിരുനബി(സ) കൽപ്പിച്ചതനുസരിച്ച് അവർ അണികളിലേക്ക് തിരിച്ചുവന്നു. അപ്പോൾ തിരുനബി(സ) പറഞ്ഞു: ബനു ഹാശിം! എഴുന്നേൽക്കൂ! നിങ്ങളുടെ അവകാശത്തിനായി,അതുമായിട്ടാണ് അല്ലാഹു നിങ്ങളുടെ നബിയെ അയച്ചിട്ടുള്ളത്. പൊരുതുവിൻ! തുടർന്ന് ഹദ്റത്ത് ഹംസ ബിൻ അബ്ദുൽ മുത്വലിബ്, ഹദ്റത്ത് അലി ബിൻ അബൂത്വാലിബ്, ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിസ് എന്നിവർ എഴുന്നേറ്റു. അങ്ങനെ ശത്രു നിരയിലേക്ക് നീങ്ങിയപ്പോൾ ഉത്ബ തന്റെ മകനോട് പറഞ്ഞു: വലീദ്! എഴുന്നേൽക്കൂ!. അങ്ങനെ ഹദ്റത്ത് അലി അയാളെ നേരിടാൻ പുറപ്പെട്ടു. തുടർന്ന് അവർ രണ്ടു പേർക്കുമിടയിൽ വാൾപയറ്റ് നടന്നു. ഹദ്റത്ത് അലി അയാളെ വധിച്ചു. പിന്നെ ഉത്ബ എഴുന്നേറ്റു. അയാളെ നേരിടാൻ ഹദ്റത്ത് ഹംസ പുറപ്പെട്ടു. ഹദ്റത്ത് ഹംസ അയാളെ വധിച്ചു. തുടർന്ന് ശയ്ബ എഴുന്നേറ്റു. അയാളെ നേരിടാൻ ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിസ് ആണ് പുറപ്പെട്ടത്. ഹദ്റത്ത് ഉബയ്ദ പ്രായാധിക്യം ഉള്ള ആളായിരുന്നു. ശയ്ബ, ഹദ്റത്ത്

ഉബയ്ദയുടെ കാലിൽ വാളുകൊണ്ട് വെട്ടി. അത് കണങ്കാലിലെ ഇറച്ചിയിലാണ് കൊണ്ടത്. അത് പിളർന്നു പോയി. തുടർന്ന് ഹദ്റത്ത് ഹംസയും ഹദ്റത്ത് അലിയും ശയ്ബയെ ആക്രമിച്ച് വധിക്കുകയുണ്ടായി.

ഹദ്റത്ത് അലിയിൽ നിന്നുള്ള നിവേദനം: തിരുനബി(സ) ബദ്ർ യുദ്ധാവസരത്തിൽ എന്നേയും ഹദ്റത്ത് അബൂബക്കറിനേയും പറ്റി പറഞ്ഞു: രണ്ടുപേരിൽ ഒരാളുടെ വലതുഭാഗത്ത് ജീബ്രീലും മറ്റൊരാളുടെ വലതുഭാഗത്ത് മീക്കായീലുമുണ്ട്. ഹദ്റത്ത് അസ്റാഫീൽ മഹാനായ മലക്കാകുന്നു. അതും യുദ്ധസമയത്ത് സന്നിഹിതനായി യുദ്ധനിരയിലുണ്ട്.

ഹിജ്റ 2 ലാണ് ഹദ്റത്ത് ഫാത്വിമയുമായി ഹദ്റത്ത് അലിയുടെ വിവാഹം നടന്നത്. ഹദ്റത്ത് അലി, റസൂലുല്ലാഹ്(സ)ന്റെ സവിധത്തിൽ ഹദ്റത്ത് ഫാത്വിമയെ സംബന്ധിച്ച് വിവാഹത്തിന് അപേക്ഷിച്ചത് തിരുനബി(സ) സന്തോഷപൂർവ്വം സ്വീകരിച്ചു. തിരുനബി(സ) ചോദിച്ചു: നിങ്ങളുടെ പക്കൽ മഹർ നൽകാൻ എന്തെങ്കിലുമുണ്ടോ? ഞാൻ പറഞ്ഞു: എന്റെ കുതിരയും എന്റെ പടച്ചട്ടയും ഉണ്ട്. തിരുനബി(സ) പറഞ്ഞു: പടച്ചട്ട വിൽക്കുക. അങ്ങനെ ഞാൻ എന്റെ പടച്ചട്ട 480 ദിർഹമിന് വിറ്റ്, മഹ്റിനുള്ള ഏർപ്പാട് ചെയ്തു.

ഹുസൂർ തിരുമനസ്സ് പറയുന്നു: മഹ്ർ നിശ്ചയിക്കണം എന്ന് പറയുമ്പോൾ പൊതുവിൽ ആളുകൾ എന്തെങ്കിലും ആകട്ടെ പിന്നെ കൊടുക്കാം എന്നു പറയുന്നു. എന്നാൽ തിരുനബി(സ) പറയുന്നു, ആദ്യം മഹ്റിനുള്ള ഏർപ്പാട് ചെയ്യുക. അതായത് ഇത് ഉടനെ കൊടുക്കേണ്ട അവകാശമാണ്. ചില ആളുകൾ, സ്ത്രീകൾ ആദ്യംതന്നെ മഹ്ർ ചോദിക്കുന്നു എന്നും ഞങ്ങൾ സുഖത്തിലും സന്തോഷത്തിലുമാണ് കഴിയുന്നതെന്നും എനിക്ക് എഴുതുന്നു. ഹുസൂർ തിരുമനസ്സ് പറയുന്നു: അവർ ആവശ്യപ്പെടുന്നുവെങ്കിൽ അത് അവരുടെ അവകാശമാണ്. അപ്പോൾതന്നെ നൽകണം.

വീടുകൂടലിനു ശേഷം തിരുനബി(സ) ഹദ്റത്ത് അലിയോട് പറഞ്ഞു: ഫാത്വിമ നിന്റെ അടുത്ത് വരുമ്പോൾ ഞാൻ എത്തുന്നതുവരെ ഒന്നും സംസാരിക്കരുത്. അങ്ങനെ തുടർന്ന് തിരുനബി(സ) എത്തി. ഹദ്റത്ത് ഫാത്വിമയോട് വെള്ളംകൊണ്ടു വരാൻ ആവശ്യപ്പെട്ടു. വെള്ളം കൊണ്ടുവന്നു. തിരുനബി(സ) അത് വാങ്ങി. അതിൽ നിന്ന്അല്പം കവിൾ കൊണ്ട ശേഷം ഹദ്റത്ത് ഫാത്വിമയോട് പറഞ്ഞു: മുന്നോട്ട് വരൂ! അവർ മുന്നോട്ട് വന്നു. തിരുനബി(സ) അവരുടെ ദേഹത്തും തലയിലും വെള്ളം കുടഞ്ഞിട്ട് ദുആ ചെയ്തു: അല്ലാഹുവേ! ഇവളേയും ഇവരുടെ സന്താനങ്ങളേയും ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽ നിന്നും ഞാൻ നിന്റെ സംരക്ഷണത്തിലാക്കുന്നു.

തുടർന്ന് പറഞ്ഞു: മറുഭാഗത്തേക്ക് തിരിയൂ! അങ്ങനെ മറുഭാഗത്തേക്ക് തിരിഞ്ഞപ്പോൾ തിരുനബി(സ) ചുമലുകൾക്കിടയിൽ വെള്ളംകുടഞ്ഞു. തുടർന്ന് ഹദ്റത്ത് അലിയെയും അങ്ങനെ തന്നെ ചെയ്തു.

ഹദ്റത്ത് ഫാത്വിമ, ഹദ്റത്ത് ഖദീജയിൽ തിരുനബി(സ)ന് ജനിച്ച ഏറ്റവും ചെറിയ കുട്ടിയായിരുന്നു. തിരുനബി(സ) തന്റെ മക്കളിൽ ഹദ്റത്ത് ഫാത്വിമയെ ഏറ്റവും അധികം ഇഷ്ടപ്പെട്ടിരുന്നു.

ഹദ്റത്ത് അലിയും ഹദ്റത്ത് ഫാത്വിമയും തങ്ങൾക്ക് അശരണതയും ദാരിദ്രവും ഉണ്ടായിട്ടു പോലും ഉള്ളതിൽ തൃപ്തിപ്പെടുന്നതിന്റെ മാതൃകയാണ് കാഴ്ചവെച്ചത്.

ഹദ്റത്ത് അലി നിവേദനം ചെയ്യുന്നു; ഹദ്റത്ത് ഫാത്വിമ ആട്ടുകല്ല് അരയ്ക്കുമ്പോൾ കൈ വേദനിക്കുന്നുവെന്ന് പരാതിപ്പെടുകയും തിരുനബി(സ)ന്റെ അടുക്കൽ കുറച്ച് യുദ്ധത്തടവുകാർ വന്നപ്പോൾ തിരുനബി(സ)നെ കാണാൻ പോവുകയുമുണ്ടായി. പക്ഷേ തിരുനബി(സ)നെ കാണാൻ കഴിഞ്ഞില്ല. അങ്ങനെ അവർ അതായത് ഹദ്റത്ത് ഫാത്വിമ, ഹദ്റത്ത് ആയിശയെ കണ്ട് താൻ എന്തിനാണ് വന്നതെന്ന് അറിയിച്ചു. തിരുനബി(സ) വരുമ്പോൾ ഹദ്റത്ത് ഫാത്വിമയുടെ അടുക്കലേക്ക് വരാൻ പറയണമെന്ന് പറഞ്ഞു.

ഹദ്റത്ത് അലി പറയുന്നു: തിരുനബി(സ) ഞങ്ങളുടെ അടുക്കൽവന്നു. അപ്പോൾ ഞങ്ങൾ കിടക്കയിൽ കിടന്നിരുന്നു. ഞാൻ എഴുന്നേൽക്കാൻ തുടങ്ങിയപ്പോൾ തിരുനബി(സ) പറഞ്ഞു: അവിടെത്തന്നെ കിടന്നുകൊള്ളുക. തിരുനബി(സ) ഞങ്ങൾക്കിടയിൽ ഇരുന്നു. തിരുനബി(സ) പറഞ്ഞു: നിങ്ങൾ ആവശ്യപ്പെട്ടതിനേക്കാളും ഉത്തമമായ കാര്യം ആദ്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടയോ? നിങ്ങൾ കിടക്കയിൽ കിടക്കുമ്പോൾ 34 തവണ അല്ലാഹുഅക്ബർ, 33 തവണ സുബ്ഹാനല്ലാഹ്, 33 തവണ അൽഹംദുലില്ലാഹ് എന്ന് ചൊല്ലുക. ഇത് നിങ്ങൾക്ക് സേവകനെ കിട്ടുന്നതിനേക്കാൾ ഉത്തമമാകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്, ഈ സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു: തിരുനബി(സ) ആഗ്രഹിക്കുന്നുവെങ്കിൽ ഹദ്റത്ത് ഫാത്വിമക്ക് സേവകനെ നൽകാമായിരുന്നു. കാരണം സമ്പത്ത് തിരുനബി(സ)യുടെ അടുക്കലാണ് വിതരണം ചെയ്യാൻ എത്തുന്നത്. അതും സ്വഹാബികൾക്ക് വിതരണം ചെയ്യാൻ വരുന്നതാണ്. ഹദ്റത്ത് അലിക്കും അതിൽ അവകാശം ഉണ്ടായിരുന്നു. ഹദ്റത്ത് ഫാത്വിമയും അതിൽ അവകാശിയായിരുന്നു. പക്ഷേ തിരുനബി(സ) സൂക്ഷ്മത പാലിക്കുകയും ആ സമ്പത്ത് തന്റെ ബന്ധുമിത്രാദികൾക്ക് നൽകാൻ ആഗ്രഹിക്കുകയും ചെയ്തില്ല. കാരണം ഇതിന് ജനങ്ങൾ പിന്നീട് മറ്റെന്തെങ്കിലും അർഥ കൽപന

നൽകുകയും രാജാക്കന്മാർ പൊതുമുതൽ തങ്ങൾക്ക് അനുവദനീയമാണെന്ന് ഗണിക്കുകയും ചെയ്തേക്കാം. ബയ്തുൽമാൽ (പൊതുമുതൽ) ഇങ്ങനെ സംരക്ഷിക്കുന്ന ഏതെങ്കിലും ഭൗതികരാജാവിന്റെ മാതൃക സമർപ്പിക്കാൻ ആർക്കെങ്കിലും കഴിയുമോ?

ഹദ്റത്ത് അലി ബിൻ അബൂത്വാലിബ് പറയുന്നു: ഒരു രാത്രി റസൂലുല്ലാഹ്(സ), തന്റെ മകൾ ഫാത്വിമയുടെ വീട്ടിലെത്തി പറഞ്ഞു: നിങ്ങൾ രണ്ട് പേരും(തഹജ്ജുദ് നമസ്കാരം)നമസ്കരിക്കാറില്ലേ? ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്(സ)! ഞങ്ങളുടെ ജീവൻ അല്ലാഹുവിന്റെ കൈകളിലാണ്. അവൻ ആഗ്രഹിക്കുമ്പോൾ ഞങ്ങളെ ഉണർത്തുകയും ഞങ്ങൾ എഴുന്നേൽക്കുകയും ചെയ്യുന്നു. തിരുനബി(സ) എന്നോട് അതിന് മറുപടിയൊന്നും പറഞ്ഞില്ല. തിരിച്ചുപോയി. ഹദ്റത്ത് അലി പറയുന്നു; തുടർന്ന് തിരുനബി(സ) തിരിച്ചു പോകുമ്പോൾ തന്റെ തുടയിൽ കൈ അടിച്ചുകൊണ്ട് ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു.

وكان الانسان اكثر شيء جدلا.

അതായത് മനുഷ്യൻ ഏറ്റവുമധികം തർക്കിക്കുന്നവനാകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: ഇത് വിശുദ്ധ ഖുർആനിലെ ഒരു ആയത്താകുന്നു. അതിന്റെ അർഥം ഇപ്രകാരമാണ്; മനുഷ്യൻ എപ്പോഴും തന്റെ കുറ്റം സമ്മതിക്കാൻ പരിഭ്രമിക്കുന്നു. പലതരം തെളിവുകളും നിരത്തി തന്റെ ന്യൂനത മറക്കാൻ ശ്രമിക്കുന്നു. തിരുനബി ദേഷ്യപ്പെടുകയോ നിരാശ പ്രകടിപ്പിക്കുകയോ ചെയ്യാതെ വളരെ മനോഹരമായ നീക്കമാണ് അപ്പോൾ നടത്തിയത്. അതിൽനിന്ന് ഹദ്റത്ത് അലി തന്റെ ജീവിതാന്ത്യംവരെ അതിന്റെ മാധുര്യം നുകർന്നിട്ടുണ്ടാകും. ഈ ഹദീസിൽ നിന്ന് നമുക്ക് നിരവധി കാര്യങ്ങൾ മനസിലാക്കാൻ കഴിയുന്നുണ്ട്. തിരുനബി(സ)ന്റെ ഉന്നത ധാർമികബോധത്തിന്റെ വിവിധ വശങ്ങളിലേക്ക് അത് വെളിച്ചം വീശുന്നുണ്ട്. ഒന്ന്,തിരുനബി(സ)ന് എത്ര മാത്രം ധാർമികകാര്യങ്ങളിൽ ശ്രദ്ധയുണ്ടായിരുന്നു എന്ന് മനസ്സിലാകുന്നു. രാത്രി ചുറ്റി സഞ്ചരിച്ച് തന്റെ അടുത്ത ബന്ധുക്കളെ ശ്രദ്ധിക്കുന്നു. രണ്ട്, രാത്രിസമയത്ത് തന്റെ മകളേയും ജാമാതാവിനേയും തഹജ്ജുദ് നമസ്കരിക്കാൻ പ്രേരിപ്പിക്കുന്നത്, ജനങ്ങൾ നടക്കണം എന്ന് ആഗ്രഹിക്കുന്ന തന്റെ അധ്യാപനത്തെ സംബന്ധിച്ച് പൂർണബോധ്യമുണ്ടെന്നതിന് തെളിവാകുന്നു. മൂന്ന്, തിരുനബി(സ) ഓരോ കാര്യവും മനസ്സിലാക്കിക്കൊടുക്കുന്നതിൽ സഹിഷ്ണുത കാണിച്ചിരുന്നു. വഴക്കുകൂടാതെ, സ്നേഹവാത്സല്യത്തോടെ ആർക്കും അയാളുടെ തെറ്റ് ബോധ്യപ്പെടുത്തി കൊടുത്തിരുന്നു. അതുകൊണ്ട് തന്നെ ഹദ്റത്ത് അലി(റ) പറയുന്നു: ഞാൻ പിന്നീട് ഒരിക്കലും തഹജ്ജുദ് ഒഴിവാക്കിയിട്ടില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു; ഈ അനുസ്മരണം ഇൻശാ അല്ലാഹ് തുടർന്നും ഉണ്ടായിരിക്കും. ഇപ്പോൾ പാകിസ്ഥാനിലെ അവസ്ഥ കൂടുതൽ കഠിനമായിക്കൊണ്ടിരിക്കുകയാണ്. ചില സർക്കാർ ഉദ്യോഗസ്ഥന്മാർ മൗലവിമാരുടെ പിന്നിൽ നടന്ന്, അവരുമായി യോജിച്ച് തങ്ങളാലാവുംവിധം നമുക്ക് നഷ്ടമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് പാകിസ്ഥാനിലുള്ള അഹ്മദികളും മറ്റു സ്ഥലങ്ങളിലെ അഹ്മദികളും പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു അവരെ സംരക്ഷിക്കുമാറാകട്ടെ. ഇവരുടെ ശർറിൽ നിന്ന് കാത്തുരക്ഷിക്കട്ടെ. ഇവർ ഉണ്ടാക്കുന്ന ഭീകരവും അപകടകരവുമായ പദ്ധതികളിൽ നിന്ന് സുരക്ഷിതമാക്കുമാറാകട്ടെ. അവരെ പിടികൂടാൻ എത്രയും വേഗം സംവിധാനം ഉണ്ടാക്കുമാറാകട്ടെ.

ജമുഅ ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ്, കമാന്റർ ചൗധരി മുഹമ്മദ് അസ്‌ലം സാഹിബ് (കാനഡ), ശാഹിന ഖമർ സാഹിബ, സമർ അഹ്മദ് ഖമർ സാഹിബ്, സഈദ അഫ്സൽ ഖോഖർ സാഹിബ എന്നിവരുടെ സ്വഭാവമഹിമകൾ വിവരിക്കുകയുണ്ടായി. ശേഷം ഹുസൂർ, ജുമുഅ നമസ്കാരത്തിന് ശേഷം ഇവരുടെ ജനാസ നമസ്കാരം നിർവഹിക്കുമെന്ന് വിളംബരപ്പെടുത്തി.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 04.12.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516